## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1166** **08/02/2013 ൽ മറുപടിക്ക്**

## വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഹംസ: | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലുൾപ്പെടെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം കുറവാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) ഇതു പരിഹരിക്കുന്നതിനായി, എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | എ) ബി) വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം മെച്ചപ്പെടുത്തുന്നതിനായി ഒന്നാം ക്ലാസു മുതൽ ഇംഗ്ലീഷ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുകയും 1,2 ക്ലാസുകളിലെ ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.ടി. ഒരു ഇന്ററാക്ടീവ് സി.ഡി. വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി., എസ്.എസ്.എ, ക്യു.ഐ.പി. എന്നീ ഏജൻസികൾ വഴി അദ്ധ്യാപകർക്ക് ഇംഗ്ലീഷ് ഭാഷാ ബോധനവുമായി ബന്ധപ്പെട്ട് പരിശീലനങ്ങൾ നൽകുകയും ചെയ്തു വരുന്നു. എല്ലാ വർഷവും ബാംഗ്ലൂരിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് വഴി ഒരു നിശ്ചിത അദ്ധ്യാപകർക്ക് പരിശീലനം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. സെക്കന്ററി സ്കൂളിൽ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക സൃഷ്ടിക്കുകയും കോർ വിഷയങ്ങളിൽ ഒന്നാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. |
| സി) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് ഇംഗ്ലീഷ് ഭാഷാ ജില്ലാ കേന്ദ്രങ്ങൾ നിലവിലുള്ളത്; | സി) തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലാണ് ഇംഗ്ലീഷ് ഭാഷാ ജില്ലാകേന്ദ്രങ്ങൾ നിലവിലുള്ളത്. കൂടാതെ തൃശ്ശൂർ ഡിസ്ട്രിക്ട് സെന്ററിനോടനുബന്ധിച്ച് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിന്റെ പ്രവർത്തനം ഇ.എഫ്.എൻ യൂണിവേഴ്സിറ്റിയുടെ സഹകരണത്തോടുകൂടി നടത്തി വരുന്നു. |

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്നും നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു എന്നും വിശദമാക്കാമോ; | ഡി) | ഇംഗ്ലീഷ് ഭാഷയെ സംബന്ധിച്ച അറിവ് കുട്ടികളിൽ വളർത്തുക, ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിന് കുട്ടികളെയും അദ്ധ്യാപകരെയും പ്രാപ്തരാക്കുക എന്നതാണ് ലക്ഷ്യം. ഇതിനായി, ഒളിമ്പ്യാഡ്, ഇംഗ്ലീഷ് കാർണിവൽ, ഇംഗ്ലീഷ് ഫെസ്റ്റിവൽ, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് എന്നിവ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിവരുന്നു. ഹൈസ്കൂൾ, പ്രൈമറി അദ്ധ്യാപകർക്ക് ഓറിയന്റേഷൻ കോഴ്സ്, സർട്ടിഫിക്കറ്റ് കോഴ്സ്, പേഴ്സണാലിറ്റി ഡവലപ്മെന്റ് പ്രോഗ്രാം, മെറ്റീരിയൽ ഡവലപ്മെന്റ്, സെമിനാർ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് എന്ന സ്ഥാപനത്തിൽ ഹൈസ്കൂൾ പ്രൈമറി അദ്ധ്യാപകർക്കായി രണ്ട് പ്രാവശ്യം 30 ദിവസത്തെ സർട്ടിഫിക്കറ്റ് ഇംഗ്ലീഷ് ട്രയിനിംഗ് കോഴ്സിലേക്ക് 75 അദ്ധ്യാപകരെ വീതം തിരഞ്ഞെടുത്ത് വിദഗ്ധ പരിശീലനം കൊടുക്കുന്നുണ്ട്. കൂടാതെ എസ്.എസ്.എ, എസ്.സി.ഇ.ആർ.ടി., ഡയറ്റ് എന്നീ സ്ഥാപനങ്ങളും അദ്ധ്യാപകർക്ക് ഇംഗ്ലീഷ് പരിശീലനം നൽകുന്നുണ്ട്. |
| ഇ) | സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ ജില്ലകളിലും ഇംഗ്ലീഷ് ഭാഷാ ജില്ലാ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | ഇ) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ